9629
22/9/14

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നോക്ക സമുദായങ്ങൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് വിതരണം - പുതുക്കിയ നിബന്ധനകൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ.ഉ. (സാധാ)നം. 80/2014/പി.സ.വി.വ. തീയതി, തിരുവനന്തപുരം, 19/09/2014.

==================================================================

പരാമർശം : - 1. സ.ഉ(സാധാ) നം.1616/2012/പിസവിവ തീയതി 18.12.2012
2. സ.ഉ(എം.എസ്) നം.10/2014/പിസവിവ തീയതി 23.05.2014.
3. പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 31.07.2014-ലെ ബി.സി.ഡി.ഡി/എ 3/1321/14 നമ്പർ കത്ത്.

**ഉത്തരവ്**

50% കേന്ദ്രധനസഹായത്തോടെയുള്ള ഒ.ബി.സി പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ പട്ടികജാതി വികസന വകുപ്പിൽ നിന്ന് ആനുകൂല്യത്തിനർഹരായതിനാൽ ഒ.ഇ.സി വിഭാഗത്തിലുൾപ്പെടുന്നവർ ഈ സ്കോളർഷിപ്പിന് അർഹരല്ല എന്ന് നിഷ്കർഷിച്ചിരുന്നു.

പരാമർശം(2)-ലെ സർക്കാർ ഉത്തരവിലൂടെ 30 സമുദായങ്ങൾക്കും ഉപവിഭാഗങ്ങൾക്കും ഒ.ഇ.സി വിഭാഗത്തിനർഹമായ നിരക്കിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിൽ നിന്ന് ആനുകൂല്യത്തിനർഹരായതിനാൽ പുതുതായി ഒ.ഇ.സി ക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച സമുദായങ്ങളിലെ വിദ്യാർത്ഥികൾ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടതില്ല എന്ന നിബന്ധന ഏർപ്പെടുത്തി ഉത്തരവാകണമെന്ന് പരാമർശം(3)-ലൂടെ പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) - ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങളോടൊപ്പം പരാമർശം (2) - ലെ ഉത്തരവിന്റെ അനുബന്ധത്തിൽ ചേർത്തിട്ടുള്ള 30 സമുദായങ്ങൾക്കും ഉപവിഭാഗങ്ങൾക്കും ഒ.ഇ.സി യ്ക്ക് സമാനമായ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളതിനാൽ, പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടതില്ല എന്ന നിബന്ധനകൂടി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**റ്റി. എസ്. നെജിമുദ്ദീൻ**
ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി

ഡയറക്ടർ,പിന്നോക്ക സമുദായ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരളം, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
കരുതൽഫയൽ/ഓഫീസ് കോപ്പി.

**പകർപ്പ് :-** പട്ടികജാതി പിന്നോക്ക ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ